


## മുളയിലേ നുള്ളേണ്ട

# സാഹിത്യചോരണം

ഹരീഷ് എൻ. നമ്പൂതിരി

അന്താരാഷ്ട്ര തലത്തിൽ പ്രശസ്തമായ നിരവധി പോ ർട്ടലുകൾ മലയാളത്തിലേക്കും അവരുടെ സേവനം വ്യാ പിപ്പിക്കുവാനുള്ള തയ്യാറെടുപ്പിലാണ്. പലതിന്റേയും മലയാ ളം ബീറ്റ വേർഷനുകൾ ഇപ്പോൾ തന്നെ ഇന്റർനെറ്റിൽ ലഭ്യവുമാണ്. ഈ രീതിയിൽ മലയാളത്തിന് ഇന്റർ നെറ്റിൽ പ്രാതിനിധ്യം ലഭിക്കുന്നത് വളരെ നല്ല കാര്യമാണ്. മലയാ ളത്തിൽ കാര്യങ്ങൾ ഗ്രഹിക്കുവാൻ താൽപ്പര്യപ്പെടുന്നവർ ക്ക് ഇത് വളരെ പ്രയോജനപ്പെ ടുകയും ചെയ്യും. എന്നാൽ ഇത് വേണ്ടരീതിയിലല്ല നടത്തുന്നതെങ്കിൽ, ഗുണത്തേക്കാ ളേറെ ദോഷമാവും ചെയ്യുക എന്നു തെളിയിക്കുന്ന ഒരു സംഭവം കഴിഞ്ഞ മാസങ്ങളിൽ നടക്കുകയുണ്ടായി.

ഒരാളുടെ സൃഷ്ടി, അദ്ദേഹത്തിന്റെ അറിവോ അനുമ തിയോ കൂടാതെ തന്റേതെന്ന മട്ടിൽ മറ്റൊരാൾ എടുത്ത് ഉപയോഗിക്കുന്നതിനെ പ്ലേജറിസം എന്നുപറയാം. മലയാ ളത്തിലതിനെ സാഹിത്യചോരണം എന്നു വിളിക്കാമെന്നു തോന്നുന്നു. എന്നാൽ മോഷ്ടിക്കപ്പെടുന്നത് സാഹിത്യകൃതി കൾ മാത്രമാവണമെന്നില്ല. ആശയങ്ങളാവാം, സൃഷ്ടി കളാവാം, നിരൂപണങ്ങളാവാം, വിമർശനങ്ങളാ വാം, ഇങ്ങ നെ കോപ്പിറൈറ്റ് സംരക്ഷണത്തിന്റെ പരിധിയിൽ വരുന്ന എന്ത് മോഷ്ടിച്ചാലും അത് പ്ലേജറിസമായി കണക്കാക്കാം.

അത്തരമൊരു സംഭവം ഈയിടെ പുറത്തുവന്നു. വളരെ പ്രശസ്തമായ ഒരു ബഹുരാഷ്ട്ര കമ്പനി, അവരുടെ മലയാളം പോർട്ടലിലെ 'പാചകം' എന്ന വിഭാഗത്തിലേക്ക്, മലയാളത്തിലെ ചില പ്രശസ്ത പാചകബ്ലോഗുകളിൽ നിന്നും കണ്ടന്റ് അതേപടി കോപ്പി-പേസ്റ്റ് ചെയ്യുകയാണ് ചെയ്തത്. ഒരു ചിത്രവും ഒന്നോ രണ്ടോ വാചകങ്ങളും കൂട്ടിച്ചേർക്കുകയും ചെയ്തപ്പോളത് കമ്പനിയുടെ സൃഷ്ടി യായി. രസാവഹമായ മറ്റൊരു കാര്യം അവരുടെ പോർട്ട ലിൽ വന്നപ്പോളത് കോപ്പിറൈറ്റ് പ്രൊറ്റക്ടഡാക്കുവാനും, അതിനു മുകളിലുള്ള അവകാശം അവർക്കു മാത്രമാണെ ന്ന് ഓർമ്മപ്പെടുത്തുവാനും, അത് അവിടെനിന്നും കോ പ്പിയടിക്കുന്നത് നിയമ വിരുദ്ധമാണെന്ന് എടുത്തുപറയുവാ നും അവർ മറന്നില്ല എന്നുള്ളതാണ്.

### പാചകക്കുറിപ്പുകൾക്ക് കോപ്പിറൈറ്റ് ബാധകമോ?

ഇതോടൊപ്പം ഉയർന്നു വന്ന മറ്റൊരു ചർച്ചയാണിത്. പല നിയമജ്ഞരുടേയും അഭിപ്രായത്തിൽ പാചക കുറിപ്പുകൾക്ക് കോപ്പിറൈറ്റ് പരിരക്ഷണം ബാധകമല്ല. പാചക വിധികൾ ഒരു വ്യക്തിയുടെ ആശയമല്ലെങ്കിലും അവ പാചകക്കുറിപ്പു കളായി എഴുതുമ്പോൾ അതിൽ എഴുതുന്നയാളുടെ ശൈലി, ഭാഷ എന്നിവയ്ക്കും പ്രാധാന്യമുണ്ട് എന്ന മറുവാദവും പ്രസ ക്തമാണ്. പാചകക്കുറിപ്പുകളിലെ വിഭവങ്ങളുടെ ആശയമുൾ ക്കൊണ്ട്, പോർട്ടലിലേക്കായി കുറിപ്പുകൾ വേറെ തയ്യാറാക്കു കയായിരുന്നെങ്കിൽ ഇങ്ങനെയൊരു ആരോപണം ഉന്ന യിക്കു വാൻ സാധിക്കുമായിരുന്നില്ല. എന്നാൽ ഇവിടെ ബ്ലോഗിൽ എഴുതിയിരുന്നത് അതേപടി പോർട്ടലിലേക്ക് കോപ്പി-പേസ്റ്റ് ചെയ്യുകയാണ് ചെയ്തിരിക്കുന്നത്. അതു കൊണ്ട് തന്നെ ഈ ആരോപണത്തെ ലഘുവായി തള്ളിക്കളയുവാനും സാധ്യമല്ല.

ബ്ലോഗുടമ പോർട്ടലിന്റെ ഉടമസ്ഥരായ കമ്പനിയെ ബന്ധപ്പെടുകയും ചെയ്തു. അവരാവട്ടെ, ആരോപണ വിധേയമായ പേജുകൾ അവരുടെ പോർട്ടലിൽ നിന്നും നി ശബ്ദമായി എടുത്തുമാറ്റിയാണ് പ്രതികരിച്ചത്. പറ്റിയ തെറ്റ് അംഗീകരിക്കുവാൻ അവർ തയ്യാറായതുമില്ല, ആ പോർട്ട ലിലെ കണ്ടന്റ് ഡെവലപ്പ് ചെയ്യുവാൻ മറ്റൊരു കമ്പനിയെ ഏൽപ്പിക്കുകയായിരുന്നുവെന്നും അവരാണ് കോപ്പിറൈറ്റ് ലംഘനം നടത്തിയിട്ടുണ്ടെങ്കിൽ ഉത്തരവാദികളെന്നും, ഈ വിഷയത്തിൽ കൂടുതലെന്തെങ്കിലും സംസാരിക്കേണ്ടതു ണ്ടെങ്കിൽ അവരുമായി ബന്ധപ്പെടുകയാണ് വേണ്ടതെന്നും മറ്റുമായിരുന്നു മറുപടിയുടെ കാതൽ. ഒരു വാടക ഗുണ്ടയെ ഉപയോഗിച്ച് ഒരാളെ ദേഹോപദ്രവം ഏൽപ്പിച്ചാൽ അതി ന്റെ ഉത്തരവാദിത്തം വാടകഗുണ്ടയ്ക്ക് മാത്രമാണ്, അയാ ളെ വിലയ്ക്കെടുത്തയാൾ യാതൊരു വിധത്തിലും തെറ്റു കാരനാവുന്നില്ല എന്ന രീതിയിലുള്ള ഈ മറുപടി കൂടുതൽ പ്രതിഷേധത്തിന് ഇടയാക്കി.

ഒരു പ്രോജക്ട് ഔട്ട്സോഴ്സ് ചെയ്യുമ്പോൾ, അതു വില യിരു ത്താതെ, അവർ കൊടുത്ത കണ്ടന്റ് അതേപടി പോർട്ട ലിൽ പ്രസിദ്ധീകരിച്ചത്, ബ്ലോഗേഴ്സിന്റെ തെറ്റല്ലല്ലോ? മറ്റ് തിരക്കുകൾക്കിടയിൽ മലയാള ഭാഷയോടുള്ള സ്നേഹം ഒന്നുകൊണ്ട് മാത്രം മലയാളത്തിൽ ബ്ലോഗ് എഴുതുവാൻ തയ്യാറാവുന്ന ബ്ലോഗുടമകൾക്ക്, ഇതിനെതിരെ കോടതിയി ലും മറ്റും പോകുവാൻ സമയവുമുണ്ടാവില്ല, അതിനായി ചിലവഴിക്കുവാൻ സമ്പാദ്യവുമുണ്ടാവില്ല. പേരും പ്രശസ് തിയുമുള്ള കമ്പനികൾ ഈ രീതിയിലുള്ള തെറ്റുകൾ ചെ യ്യുമ്പോൾ ഏതു രീതിയിലാണ് പ്രതിഷേധിക്കുവാൻ സാ ധിക്കുക? ബ്ലോഗേഴ്സിന്റെ സ്വാതന്ത്ര്യവും അഭിമാനവും സൃഷ്ടികളും സംരക്ഷിക്കപ്പെടേണ്ടതല്ലേ? മോഷണം നടത്തി യ കമ്പനിയുടെ പോർട്ടലിൽ നിന്നുമാണ് മോഷ്ടിക്കപ്പെ ട്ടതെങ്കിൽ ഇതേ രീതിയിലാവുമോ അവർ പ്രതികരിക്കുക?

കമ്പനിയുടെ ഈ കാര്യത്തോടുള്ള നിലപാടിൽ ബ്ലോ ഗുടമകൾ 2007 മാർച്ച് 5-ന് തന്താങ്ങളുടെ ബ്ലോഗുകളിൽ ഒരോ പ്രതിഷേധക്കുറിപ്പ് പോസ്റ്റ് ചെയ്ത് പ്രതിഷേധദിന മായി ആചരിച്ചു. പ്രതിഷേധം ഇത്രയെങ്കിലും ശക്ത മായി പ്രകടിപ്പിച്ചതിനാൽ

- ഇനിമുതൽ കണ്ടന്റ് തയ്യാറാക്കുന്നവർ ബ്ലോഗിൽ നി ന്നും മോഷ്ടിക്കുമ്പോൾ രണ്ടാമതൊന്നു കൂടി ആലോചിക്കും.
- കണ്ടന്റ് പ്രൊവൈഡേഴ്സിന്റെ കൈയിൽ നിന്നും കണ്ട ന്റ് മേടിച്ച് പോർട്ടൽ തയ്യാറാക്കുന്ന കമ്പനികൾ അവ മോ ഷ്ടിക്കപ്പെട്ടതല്ലെന്ന് ഉറപ്പുവരുത്തുവാൻ ശ്രദ്ധിക്കും.
- പ്ലേജറിസത്തെക്കുറിച്ചും കോപ്പി റൈറ്റിനെക്കുറിച്ചും അത്രയൊന്നും ബോധവാന്മാരല്ലായിരുന്ന ബഹുഭൂരി പക്ഷം ബ്ലോഗുടമകൾക്കും ഈ പ്രതിഷേധത്തിലൂടെ അവയെക്കു റിച്ചെല്ലാം വ്യക്തമായ ഒരു ധാരണ കൈവന്നു.
- അതുപോലെ ബ്ലോഗ് എഴുതുന്നവർ മറ്റിടങ്ങളിൽ നിന്നും കണ്ടന്റ് മോഷ്ടിക്കാതിരിക്കുന്നതിന്റെ പ്രസക്തിയെക്കു റിച്ചും ബോധവാന്മാരായി.